പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 406 — 11.12.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ രൂക്ഷമായിട്ടുള്ള വൈദ്യുതി പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികളാണ് ബോർഡ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) നിലവിലുള്ള രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, വൈദ്യുതി വ്യാപാരികളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് മത്സരാധിഷ്ഠിത ദർഘാസുകൾ സ്വീകരിച്ച് കരാറിലേർപ്പെട്ടിട്ടുണ്ട്. നിലവിൽ '650' മെഗാവാട്ട് വാങ്ങുന്നതിനായി വൈദ്യുതി വ്യാപാരികളായ എൻ.വി.വി.എൻ, പി.റ്റി.സി, ഗ്ലോബൽ തുടങ്ങിയവരുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വൈദ്യുതി കൊണ്ടുവരുന്നതിനാവശ്യമായ പ്രസരണ ലൈനുകളുടെ ലഭ്യതയില്ലായ്മമൂലം '100' മുതൽ '150' മെഗാവാട്ട് വൈദ്യുതി മാത്രമേ വാങ്ങുവാൻ സാധിക്കുന്നുള്ളൂ. കൂടാതെ 2012 നവംബർ മുതൽ മാർച്ച് 2013 വരെ 300 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് മത്സരാധിഷ്ഠിത ടെണ്ടറുകൾ വിളിച്ചെങ്കിലും '100' മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിലേർപ്പെടാൻ മാത്രമേ സാധിച്ചിട്ടുള്ളൂ. ഡിസംബർ 1 മുതൽ 15 - ാം തീയതി വരെ '150' മെഗാവാട്ട് വൈദ്യുതി പവർ ട്രേഡിങ്ങ് കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിന് 'LOI' (ലറ്റർ ഓഫ് ഇന്റന്റ്) നൽകിയിട്ടുണ്ട്. കൂടാതെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക്, പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നു. വൈദ്യുതി ആവശ്യകത കൂടുതലുള്ള പീക്ക് സമയത്ത് (വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ) ആഢംബരാവശ്യത്തിനും അലങ്കാരാവശ്യത്തിനും വൈദ്യുതി ഉപയോഗിക്കുന്നത് പരമാവധി ഒഴിവാക്കണമെന്നും, ഈ സമയത്ത് ഉപയോഗത്തിൽ മിതത്വം പാലിക്കണമെന്നും എല്ലാ വിഭാഗം ഉപഭോക്താക്കളോടും, വിവിധ മാധ്യമങ്ങളിലൂടെ, അഭ്യർത്ഥിച്ചിട്ടുണ്ട്. |

(ബി) ഗാർഹിക ഉപഭോഗത്തിന് നിശ്ചിത യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്നവർക്ക് നിരക്ക് വർദ്ധന ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിലക്കയറ്റം മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ ജീവിതം കൂടുതൽ ദുരിത പൂർണ്ണമാകുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വൈദ്യുതി ചാർജ്ജ് കൂട്ടിയാൽ ഉപയോഗം കുറയുമെന്ന് സർക്കാർ കരുതുന്നുണ്ടോ ?

(ബി) (സി) & (ഡി) സംസ്ഥാനത്ത് നിലനിൽക്കുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, ഗാർഹിക ഉപഭോക്താക്കളെ രണ്ടു മാസത്തേക്ക് '400' യൂണിറ്റ് വൈദ്യുതി നിലവിലുള്ള നിരക്കിൽ ഉപയോഗിക്കുവാൻ അനുവദിക്കുകയും, കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് , കൂടുതലായി വാങ്ങേണ്ടിവരുന്ന വൈദ്യുതിയുടെ യഥാർത്ഥ വാങ്ങൽ വില ഈടാക്കാൻ അനുവദിക്കുകയും, ചെയ്യണമെന്ന് വൈദ്യുതി ബോർഡ്, റഗുലേറ്ററി കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഒരു സാധാരണ ഗാർഹിക ഉപഭോക്താവിന്റെ പ്രതിദിന ശരാശരി ഉപഭോഗം '5' യൂണിറ്റിനു താഴെയാണ്. അതായത് ഇത്തരം ഉപഭോക്താക്കളുടെ ദ്വൈമാസ ഉപയോഗം 300 യൂണിറ്റിൽ താഴെ മാത്രമാണ്. അതുകൊണ്ടുതന്നെ 80 ലക്ഷത്തോളം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും നിലവിലുള്ള രീതിയിലും നിരക്കിലും തന്നെ വൈദ്യുതി ലഭിക്കുന്നതാണ്. വൈദ്യുതി ചാർജ്ജ് കൂട്ടിയാൽ വൈദ്യുതി ഉപഭോഗത്തിൽ മിതത്വം പുലർത്താൻ സാധ്യതയുണ്ട്.

സെക്ഷൻ ഓഫീസർ.